(സി) മരച്ചീനി കൃഷിക്കാരുടെ കൈവശം ഉണ്ടായിരുന്ന മരച്ചീനി വളരെ കൂടുതൽ പൊടിഞ്ഞു് നാശമായി പോകുകയും, ബാക്കിയുണ്ടായിരുന്നതു് മിക്കവാറും വിറ്റഴിഞ്ഞിരിക്കുന്നതായും ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അടുത്ത കൊല്ലമെങ്കിലും മരച്ചീനി വിലയ്ക്കു് എടുക്കുന്നതിനു് സൗകര്യപ്പെടത്തക്കവണ്ണം ഈ സഹകരണസംഘങ്ങൾ കഴിയുന്നത്ര വേഗത്തിൽ രജിസ്റ്റർ ചെയ്തുകൊടുക്കുന്നതിനു് ആവശ്യമായ നിർദ്ദേശം നൽകുന്നതിനു് ഗവൺമെൻറിനു് ദയവുണ്ടാകുമോ ?

ഉത്തരം.

(എ) പുതിയതായി 194 മരച്ചീനി സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു. നിലവിലുള്ളതിൽ മൂന്നു സംഘങ്ങൾ മരച്ചീനി സംഘങ്ങളായി പരിവർത്തനം ചെയ്തതുൾപ്പെടെ 197 മരച്ചീനി സഹകരണസംഘങ്ങളുണ്ടു്.

(ബി) 9794 ടൺ, 3 ഹ. 2 കപ. 27 പൗണ്ടു് ഉണക്കിയ മരച്ചീനി സഹകരണസംഘങ്ങൾ വഴിയായി ഗവൺമെൻറു് വിലയ്ക്കെടുത്തു.

(സി) ഇല്ല.

(ഡി) അടുത്തകൊല്ലം മരച്ചീനി വിലയ്ക്കു് എടുക്കേണ്ട കാര്യം ഗവൺമെൻറു് ഇപ്പോൾ ആലോചിച്ചിട്ടില്ല.

പിന്നാക്കസമുദായ ഡിപ്പാർട്ടുമെൻറിന്റെ മേൽനോട്ടത്തിലുള്ള കാളനികൾ.

242. [18] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ തിരുവിതാംകൂർ–കൊച്ചിയിൽ പിന്നാക്കസമുദായ ഡിപ്പാർട്ടുമെൻറിന്റെ മേൽനോട്ടത്തിൽ എത്ര കാളനികൾ നടത്തിവരുന്നുണ്ടു് ;

(ബി) ഈ കാളനികളിലൊട്ടാകെ എത്ര വീട്ടുകാർ താമസിക്കുന്നുണ്ടു് ;

(സി) മലവയ്ക്കാർക്കായി എത്ര കാളനികൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു് ;

(ഡി) എത്ര കാളനികൾ ഗവൺമെൻറു ചെലവിൽ ഓടുമേഞ്ഞു് എത്ര കെട്ടിടങ്ങൾ വച്ചുകൊടുത്തിട്ടുണ്ടു് ;

(ഇ) കാളനികളിലുള്ള മറ്റു വീടുകൾ മേയുന്നതിനു കാലാകാലങ്ങളിൽ ഗവൺമെൻറിൽ നിന്നു എന്തെങ്കിലും സഹായം നൽകാറുണ്ടോ ;

(എഫ്) കാളനിനിവാസികൾക്കു് അവിടെയുള്ള ഭൂമി മാറ്റിവിൽക്കാൻ അവകാശമില്ലാത്ത വ്യവസ്ഥയിൽ പതിച്ചുകൊടുക്കുവാൻ ഗവൺമെൻറിനു ദയവുണ്ടാകുമോ ;

(ജി) സ്വന്തമായി ഒരു വിധം നല്ല ഓടു് മേയുന്ന വീടുകൾ വയ്ക്കുന്നതിനു സാമ്പത്തികമായ സഹായം ചെയ്യുന്ന കാര്യം ഗവൺമെൻറു് പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) 189 കാളനികരം.

(ബി) 3095 വീട്ടുകാർ.

(സി) രണ്ടു കാളനികരം.

(ഡി) 12 കാളനികളിലായി 214 കെട്ടിടം വച്ചുകൊടുത്തിട്ടുണ്ട്.

(ഇ) ഇപ്പോൾ ഇല്ല.

(എഫ്) അതിനുവേണ്ട നടപടികൾ എടുത്തുകഴിഞ്ഞു. ഗൃഹം ഉണ്ടാക്കി പരസ്യം ചെയ്തു.

(ജി) ആലോചനയിൽ ഇരിക്കുന്നു.

പരിയാരം റോഡിന്റെ പണി.

243. [24] ശ്രീ. എൻ. ജി. ചാക്കോ: തരൂർ കാണാഞ്ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര പി. ഡബ്ലു. ഡി. സബ്ഡിവിഷനിൽപ്പെട്ട ആറൻമുള—പരിയാരം റോഡിന്റെ പണി ഏതു നിലയിലിരിക്കുന്നു;

(ബി) ടി റോഡിന്റെ പണി ഉടൻ പൂർത്തിയാക്കുമോ?

ഉത്തരം.

(എ) മൺവേലയും കല്വംകുപണികളും മിക്കവാറും പൂർത്തിയായിട്ടുണ്ട്.

(ബി) ഇല്ല. അടുത്തകൊല്ലവും പണി തുടരുന്നതാണ്.

L. M. S. Hospital, Neyyoor.

244 [25] SHRI T. T. DANIEL: Will the Minister for Health be pleased to state whether the Government pay any amount as grant to the L. M. S. Hospital, Neyyoor; if so, what is the amount paid in the years 1952, 1953 and 1954?

Answer.

Yes. A monthly grant of Rs. 300 during the years 1952, 1953 and 1954.

Leper Hospital—Colachel.

245 [26] SHRI T. T. DANIEL: Will the Minister for Health be pleased to state what is the amount which the Government paid to the Leper Hospital, Colachel (Oriavillai) as grant for the years 1952, 1953 and 1954?

LIBRARY ARCHIVES Kerala Legislative Assembly